# ജുമുഅഃ ഖുതുബ ശ്രോതാക്കൾക്ക് മനസ്സിലാകുന്നതായിരിക്കണം

ശാഫി സ്വലാഹി ചങ്ങലീരി

ആഴ്ചയിലൊരിക്കൽ മുസ്‌ലിംകളിലെ പൊതുജനങ്ങൾക്ക് മതപരമായകാര്യങ്ങൾ പഠിക്കാൻ വേണ്ടിയാണ് ഇസ്‌ലാം ജുമുഅഃ ഖുതുബ നിർബന്ധമാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ വെള്ളിയാഴ്ചകളിൽ നടക്കുന്ന ആ ഖുതുബ ജനങ്ങൾക്ക് മനസ്സിലാകുന്ന, അവരുടെ ഭാഷയിലായിരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ 'മതപഠനം' എന്ന 'ജുമുഅ ഖുതുബ്' യുടെ ലക്ഷ്യം നിറവേറുകയുള്ളൂ. അതുകൊണ്ടാണ് ശാഫിഈ മദ്ഹബിലെ പല പണ്ഡിതന്മാരും ജുമുഅ ഖുതുബയെകുറിച്ച് പറയുമ്പോൾ അത് 'വഅള്' (ഉൽബോധനം) ആയിരിക്കണമെന്ന് പ്രത്യേകം പറയുന്നത്. ഇക്കാര്യം ശാഫിഈ മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം നവവി(റ) ഈവിഷയകമായ ഒരു ഹദീസിനെ ('നബി(ﷺ)ക്ക് രണ്ട് ഖുതുബകളുണ്ടായിരുന്നു. അപയുടെ ഇടയിൽ നബി(ﷺ) ഇരിക്കും. ഖുർആൻ പാരായണം ചെയ്യുകയും ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്യും' (സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ: 862)) ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം നവവി(റ) രേഖപ്പെടുത്തുന്നത് കാണുക:

**(ശറഹ്മുസ്‌ലിം 6/461)**



وقوله: «يقرأ القرآن ويذكر الناس» فيه دليل للشافعي في أنه يشترط في الخطبة الوعظ والقرآن. قال الشافعي: لا يصح الخطبتان إلا بحمد الله تعالى، والصلاة على رسول الله (ﷺ) فيهما والوعظ. وهذه الثلاثة واجبات في الخطبتين. وتجب قراءة آية من القرآن في إحداهما على الأصح. ويجب الدعاء للمؤمنين في الثانية على الأصح. وقال مالك وأبو حنيفة والجمهور: يكفي من الخطبة ما يقع عليه الاسم. وقال أبو حنيفة وأبو يوسف ومالك في رواية عنه: يكفي تحميدة أو تسبيحة أو تهليلة، وهذا ضعيف لأنه لا يسمى خطبة، ولا يحصل به مقصودها مع مخالفته ما ثبت عن النبي (ﷺ).

*അർത്ഥം:* "'നബി(ﷺ) ഖുർആൻ പാരായണം ചെയ്യുകയും ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്യും' എന്നതിൽ (ഖുതുബക്ക്)ഖുർആൻ പാരായണവും ഉപദേശവും ശർത്വാണ് എന്ന് ഇമാം ശാഫിഈ(റ)ക്ക് തെളിവുണ്ട്. ഇമാം ശാഫിഈ(റ) പറയുന്നു: അല്ലാഹുവിനെ സ്തുതിക്കാതെയും നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാതെയും അതിൽ രണ്ടിലും ഉപദേശമില്ലാതെയും ഖുതുബ സ്വീകാര്യമാവുകയില്ല. ഇപ്പറഞ്ഞ മൂന്ന് സംഗതികളും രണ്ട് ഖുതുബകളിലും നിർബന്ധമാണ്." *(ശറഹ്മുസ്‌ലിം 6/461)*

ഇതുപോലെ മറ്റൊരു ഹദീസിനെ (ഒരു വെള്ളിയാഴ്ചദിവസം നബി(ﷺ) ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ കയറിവന്ന് (തഹിയ്യത്ത് നമസ്കരിക്കാതെ) ഇരു

ന്നു. അപ്പോൾ നബി(ﷺ) അദ്ദേഹത്തോട് ചോദിച്ചു: 'ഹേ, മനുഷ്യാ! നീ (തഹിയ്യത്ത്) നമസ്കരിച്ചുവോ?' ഇല്ലെന്ന് അയാൾ മറുപടിപറഞ്ഞപ്പോൾ നബി(ﷺ) പറഞ്ഞു: 'നീ എഴുന്നേറ്റ് രണ്ട് റക്അത്ത് നമസ്കരിക്കുക' സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ: 875) ഈ ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം നവവി(റ) എഴുതുന്നു:

**(ശറഹ്മുസ്‌ലിം 6/471)**



المتقدّمين. قال القاضي: وقال مالك والليث وأبو حنيفة والثوري وجمهور السلف من الصحابة والتابعين: لا يصلّيهما، وهو مروي عن عمر وعثمان وعلي رضي الله عنهم. وحجتهم الأمر بالإنصات للإمام، وتأوّلوا هذه الأحاديث أنه كان عرياناً فأمره النبي (ﷺ) بالقيام ليراه الناس ويتصدّقوا عليه، وهذا تأويل باطل يردّه صريح قوله (ﷺ): «إذا جاء أحدكم يوم الجمعة والإمام يخطب فليركع ركعتين وليتجوّز فيهما» وهذا نص لا يتطرّق إليه تأويل، ولا أظن عالماً يبلغه هذا اللفظ صحيحاً فيخالفه. وفي هذه الأحاديث أيضاً جواز الكلام في الخطبة لحاجة، وفيها جوازه للخطيب وغيره. وفيها الأمر بالمعروف والإرشاد إلى المصالح في كل حال وموطن. وفيها أن تحية المسجد ركعتان وأن نوافل النهار ركعتان وأن تحية المسجد لا تفوت بالجلوس في حق جاهل حكمها وقد أطلق أصحابنا فواتها

*അർത്ഥം:* "ആവശ്യമെങ്കിൽ ഖതീബിന്നും മറ്റുള്ളവർക്കും ഖുതുബയുടെ ഇടയിൽ (ഖുതുബയോട് ബന്ധമില്ലാത്ത കാര്യം) സംസാരിക്കാം എന്നും ഈ ഹദീസിലുണ്ട്. അതുപോലെ ഖുതുബയുടെ സന്ദർഭമല്ലെങ്കിലും നല്ല കാര്യങ്ങൾ കൽപിക്കണമെന്നും നന്മയുള്ള കാര്യങ്ങളിലേക്ക് അവരെ വഴി വഴിനടത്തണമെന്നും പ്രസ്തുത ഹദീസിലുണ്ട്." *(ശറഹ്മുസ്‌ലിം 6/471)*

ഇനി *ശറഹുൽ മുഹദ്ദബിൽ* അദ്ദേഹം എഴുതുന്നത് കാണുക:

**(ശറഹുൽ മുഹദ്ദബ്: 4/521)**



وحكاها المصنف وكثيرون او الاكثرون وجهين والصواب قولان (احدهما) انه مستحب ولايجب لان الاصل عدم الوجوب ومقصود الخطبة الوعظ وهذا نصه فى الاملاء وممن نقله عن الاملاء الرافعى وغيره (والثانى) انه واجب وركن لا تصح الخطبة الابه وهذا نصه فى مختصر المزنى كما ذكره المصنف ونص عليه ايضا فى البويطى والام واختلفوا فى الاصح

*അർത്ഥം:* "ഖുതുബയുടെ മുഖ്യ ലക്ഷ്യം ഉപദേശമാണ്." *(ശറഹുൽ മുഹദ്ദബ്: 4/521)*

നോക്കൂ, ജുമുഅഃ ഖുതുബ എന്നുപറഞ്ഞാൽ കേവലം ദിക്റല്ല എന്നും അത് ശ്രോതാക്കൾക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാനുള്ള വേദിയാണെന്നും അതുകൊണ്ട് ജനങ്ങൾക്കാവശ്യമുള്ള മതപരമായ വിഷയങ്ങൾ അവരെ പഠിപ്പിക്കാനായിരിക്കണം അതിനെ ഉപയോഗപ്പെടുത്തേണ്ടത് എന്നും ശാഫിഈ മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം നവവി(റ)യുടെ മേൽ പ്രസ്താവനകളിലൂടെ കൂടിതൽ വ്യക്തമായല്ലോ. മാത്രമല്ല. അദ്ദേഹം തന്റെ *ശറഹ് മുസ്‌ലിമിൽ* 'ജുമുഅഃ ഖുതുബയിൽ മതകാര്യങ്ങൾ പഠിപ്പിക്കൽ' എന്ന ഒരു അധ്യായംതന്നെ നൽകിയിട്ടുണ്ട്. അപ്പോൾ നമ്മുടെ നാടുകളിലുള്ള ശാഫിഈ മദ്ഹബുകാർ എന്നവകാശപ്പെടുന്നവരുടെ പള്ളികളിൽ ജുമുഅഃ ഖുതുബ എന്ന പേരിൽ നടക്കുന്ന ജനങ്ങൾക്കാർക്കും മനസ്സിലാകാത്ത ഏട് വായനക്ക് സ്വന്തം മദ്ഹബിന്റെപോലും പിൻബലമില്ലെന്ന് ഇതോടെ കൂടുതൽ വ്യക്തമായി.